# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2565 — 06/12/2018-ൽ മറുപടിക്ക്

**മലപ്പുറം മണ്ഡലത്തിലെ പുതിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്**

| | ചോദ്യം<br>**ശ്രീ.പി.ഉബൈദുള്ള** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം കെ.എസ്. ഇ.ബി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ)<br>(ബി)<br>&<br>(സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മലപ്പുറം മണ്ഡലത്തിലെ പൂക്കൊളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | ഇരുപത്തി അയ്യായിരത്തിൽ കൂടുതൽ ഉപഭോക്താക്കളുള്ള സെക്ഷൻ ഓഫീസുകളെ വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; | | |
| (സി) | എങ്കിൽ പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ